# Malayala Manorama

# 20 August 2018

# Kochi, After Flood, Freight Lorries began to Arrive, Shortage of Essential Commodities

## ചരക്കു ലോറികൾ എത്തിത്തുടങ്ങി; അവശ്യസാധന ദൗർലഭ്യം മാറിയേക്കും

**എറണാകുളം മാർക്കറ്റിൽ ഇന്ന് പച്ചക്കറി ലോഡ് എത്തും**

കൊച്ചി • ഇന്നലെ വൈകിട്ടോടെ ചരക്കുകൾ എത്തിത്തുടങ്ങിയതിനാൽ അവശ്യസാധനങ്ങൾക്ക് ഇന്നു മുതൽ നഗരത്തിൽ ദൗർലഭ്യമുണ്ടായേക്കില്ല. റോഡുകൾ തുറന്നതോടെ എറണാകുളം മാർക്കറ്റിൽ ഇന്നു പച്ചക്കറി ലോഡ് എത്തുമെന്നു കച്ചവടക്കാർ പറഞ്ഞു.

എന്നാൽ പാൽ, മുട്ട, പാൽപ്പൊടി, മെഴുകുതിരി, ബ്രെഡ്, പായ്ക് ചെയ്ത ചപ്പാത്തി തുടങ്ങിയവയ്ക്ക് ഇന്നലെയും ദൗർലഭ്യം നേരിട്ടു.

സൂപ്പർ മാർക്കറ്റുകളിലും മറ്റും ഇന്നലെ ചെറിയ അളവിൽ പാൽ എത്തിയെങ്കിലും വന്നയുടനെ തീർന്നു. കടകളിലെല്ലാം ഇന്നലെയും വൻ തിരക്ക് അനുഭവപ്പെട്ടു.

ഗോഡൗണുകളിലെ അവശേഷിക്കുന്ന പച്ചക്കറിയും സൂപ്പർ മാർക്കറ്റുകൾ ഇന്നലെ റാക്കുകളിലെത്തിച്ചെങ്കിലും മണിക്കൂറുകൾക്കുള്ളിൽ തീർന്നു.

പ്രളയഭീതിയിൽ ആളുകൾ വീടുകളിലേക്കു വൻതോതിൽ സാധനങ്ങൾ വാങ്ങി സംഭരിക്കുന്നതിനാൽ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് അവശ്യസാധനങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്.

നാപ്കിൻ, ഡയപ്പർ, അണുനാശിനികൾ എന്നിവയുടെ റാക്കുകളും ഏതാണ്ടു കാലിയായി.

പച്ചക്കറികൾക്ക് ഇന്നലെയും ഉയർന്ന വിലയാണു കച്ചവടക്കാർ ഈടാക്കിയത്. പച്ചമുളക്, തക്കാളി, പയർ എന്നിവയ്ക്ക് കിലോഗ്രാമിന് 200 രൂപ വരെയാണു ചില കച്ചവടക്കാർ ഈടാക്കിയത്.

ഉള്ളി, സവാള, വെണ്ടയ്ക്ക, നാരങ്ങ, വെള്ളരി തുടങ്ങിയ പച്ചക്കറികൾ പല കടകളിലും ലഭ്യമായിരുന്നു. സാധാരണ 25 ലോഡ് പച്ചക്കറി എത്തുന്ന എറണാകുളം മാർക്കറ്റിൽ ഇന്നലെ അഞ്ച് ലോഡുകൾ മാത്രമാണെത്തിയത്. ലോഡ് എത്താത്തതിനാലും സാധനങ്ങൾക്കു വൻതോതിൽ വില കൂടിയതിനാലും പല ചെറുകിട കച്ചവടക്കാരും ഇന്നലെ കടകൾ തുറന്നില്ല.

അതേസമയം പച്ചക്കറികളുടെ വില ക്രമാതീതമായി കൂട്ടിയാൽ കർശന നടപടികളുണ്ടാകുമെന്നു പൊലീസ് അറിയിപ്പു ലഭിച്ചതായും ഇതു സർക്കുലറുകളായി കച്ചവടക്കാർക്കു നൽകിയെന്നും എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷൻ പറഞ്ഞു.

വില വർധന തടയാൻ എല്ലാ കച്ചവടക്കാരും ബിൽ നൽകുകയും, കയ്യിൽ സൂക്ഷിക്കുകയും ചെയ്യണമെന്ന് അസോസിയേഷൻ കച്ചവടക്കാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പല റോഡുകളും തകർന്നതിനാൽ ചരക്കുനീക്കത്തിനായി ചെലവു കൂടിയിട്ടുണ്ട്. ഇക്കാരണത്താൽ നേരിയ തോതിൽ ഇന്നു മുതൽ പച്ചക്കറികൾക്കു വില ഉയർന്നേക്കും.

പെരുമ്പാവൂർ, കാലടി മേഖലകളിലെ അരിമില്ലുകൾ വെള്ളത്തിനടിയിലായതോടെ അരിയ്ക്കും നേരിയ പ്രതിസന്ധിയുണ്ട്.

ആകെ ആവശ്യമായ അരിയുടെ 20 ശതമാനം മാത്രമാണ് ഈ പ്രദേശങ്ങളിൽ നിന്നെത്തുന്നത്. ആന്ധ്രയിൽ നിന്നുള്ള അരി ഇന്നു മുതൽ എത്തിത്തുടങ്ങും.